**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2609** **17-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ധാതുമണൽ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ധാതുമണൽ നിക്ഷേപത്തെ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാലയളവിലാണ് പഠനം നടത്തിയത്; കണ്ടെത്തലുകൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ധാതുമണൽ നിക്ഷേപം സംബന്ധിച്ച് പഠനം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള അറ്റോമിക് എനർജി മന്ത്രാലയത്തിലെ Atomic Minerals Directorate for Exploration and Research ആണ്. 1970 കാലഘട്ടം മുതൽ മേൽ വിവരിച്ച സ്ഥാപനം ധാതുമണൽ നിക്ഷേപം സംബന്ധിച്ച് പഠനം നടത്തി വരുന്നു. |
| (ബി) | ഇത്തരം നിക്ഷേപങ്ങൾ ശരിയായി വിനിയോഗിച്ചില്ലെങ്കിൽ ഏതെല്ലാം തരത്തിൽ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ധാതുമണൽ നിക്ഷേപങ്ങൾ ശരിയായി വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയത് അനധികൃത കടത്തലിലൂടെ നഷ്ടപ്പെടുന്നതോടൊപ്പം കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണത്തിന് ഉപയോഗിക്കുന്നതായും കടൽക്ഷോഭത്തിലൂടെ നഷ്ടപ്പെടുന്നതായും നിക്ഷേപം ഉള്ളയിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരം ധാതുസമ്പത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | ചവറയിൽ സ്ഥിതി ചെയ്യുന്ന കേരള ഗവൺമെന്റ് സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ടൈറ്റാനിയം ഡയോക്സൈഡ്, ടൈറ്റാനിയം ടെട്രാ ക്ലോറൈഡ് ,ടൈറ്റാനിയം സ്പോഞ്ച് മുതലായവ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കൂടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ടൈറ്റാനിയം പിഗ്മെന്റ്, സിന്തറ്റിക് റൂട്ടൈയിൽ, വെൽഡിങ് ഇലക്ട്രോഡ്സ്, സിൽമനൈറ്റ് പൗഡർ തുടങ്ങിയവയും വിവിധ വ്യവസായ സ്ഥാപനങ്ങൾ ഉൽപാദിപ്പിച്ച് ഉപയോഗിച്ചുവരുന്നുണ്ട്. ധാതുമണലായ ഇൽമനൈറ്റിൽ നിന്നും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ് മൂല്യവർദ്ധിത ഉൽപന്നമായ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്നുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ടൈറ്റാനിയം പിഗ്മെന്റ്, സിന്തറ്റിക് റൂട്ടൈയിൽ, വെൽഡിങ് |

| | | | |
|---|---|---|---|
| | | | ഇലക്ട്രോഡ്സ്, സിൽമനൈറ്റ് പൗഡർ തുടങ്ങിയവയും ഐ.ആർ.ഇ.എൽ ഉൽപാദിപ്പിക്കുന്നുണ്ട്. |
| (ഡി) | ധാതുമണൽ ഉപയോഗപ്പെടുത്തുന്ന കൂടുതൽ സ്ഥാപനങ്ങൾ പൊതുമേഖലയിൽ സ്ഥാപിക്കാനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ധാതുമണൽ ഉപയോഗപ്പെടുത്തി കൂടുതൽ മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു ഇൻഡസ്ട്രിയൽ കോംപ്ലക്സ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി M/s CRISIL Ltd ഒരു മാർക്കറ്റ് സ്റ്റഡി നടത്തുകയും Titanium Metal based Mill Products, Zirconium Carbonate, Pearlescent Pigment എന്നീ ഉല്പന്നങ്ങൾക്ക് വിപണി സാധ്യത ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും സാധ്യത വിലയിരുത്തലും കെ ഡിസ്ക് മുഖേന പഠനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ